**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1281** **04-07-2022 - ൽ മറുപടിയ്ക്ക്**

**നെല്ലിയാമ്പതി ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | നെല്ലിയാമ്പതി ടൂറിസം പദ്ധതിയുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് ഒരു വർഷം പിന്നിട്ടിട്ടും പ്രവൃത്തികൾ തുടങ്ങാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ; | (എ) | നെല്ലിയാമ്പതി ടൂറിസം പദ്ധതിപ്രദേശം നെല്ലിയാമ്പതി റിസർവിൽ പെട്ട ഡിസ്റിസർവ് ചെയ്യപ്പെടാത്ത ഭൂമി ആയതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് സാധനസാമഗ്രികൾ കൊണ്ടുപോകുന്നതിന് വനംവകുപ്പ് അനുമതി നൽകിയിട്ടില്ല. |
| (ബി) | പദ്ധതിയുടെ തടസ്സങ്ങൾ നീക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ? | (ബി) | പദ്ധതി നടപ്പിലാക്കുന്നതിനുള്ള തടസ്സങ്ങൾ<br><br>നീക്കുന്നതിന്റെ ഭാഗമായി, ടൂറിസം അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നിർദ്ദേശപ്രകാരം 16/02/2022 ൽ ജില്ലാ കളക്ടറുടെ അധ്യക്ഷതയിലും ബഹുമാനപ്പെട്ട നെന്മാറ എംഎൽഎയുടെ സാന്നിധ്യത്തിലും ഫോറസ്റ്റ് -പഞ്ചായത്ത് വകുപ്പുകളിലെ ഉദ്യോഗസ്ഥരും പങ്കെടുത്ത ഒരുയോഗം നെല്ലിയാമ്പതിയിൽ, നടത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പിന്റെ അനുമതിക്കായുള്ള നടപടികൾ സർക്കാർ തലത്തിൽ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ